"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് -എക്സൈസ് -ഭരണപരം-കണ്ണൂർ ഡിവിഷനിൽ തളിപ്പറമ്പ് എക്സൈസ് റേഞ്ച് എൻ ഡി പി എസ് ക്രൈം 01/2021 കേസിൽ ഉൾപ്പെട്ട് ലേലം ചെയ്ത KL-59-U-4301 Honda Dio സ്കൂട്ടറിന്റെ ലേലത്തുക റീഫണ്ട് അനുവദിച്ചു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി(എഫ് )വകുപ്പ്**

സ.ഉ.(സാധാ) നം.327/2026/TAXES   തീയതി,തിരുവനന്തപുരം, 17-03-2026

---

പരാമർശം:- എക്സൈസ് കമ്മീഷണറുടെ 18.09.2025, 19.12.2025 തീയതികളിലെ ഇ.എക്സ്.സി/5531/2022 -എക്സ്.എ5 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ഡിവിഷനിൽ തളിപ്പറമ്പ് എക്സൈസ് റേഞ്ച് എൻ ഡി പി എസ് ക്രൈം 01/2021 കേസിൽ ഉൾപ്പെട്ട KL-59-U-4301 Honda Dio സ്കൂട്ടർ MSTC-വഴി 12.08.2022-ന് നടത്തിയ ഇ- ലേലത്തിൽ KL 59 U 4301 HONDA DIO SCOOTER 42,222/- രൂപയ്ക്ക് (നാൽപത്തി രണ്ടായിരത്തി ഇരുന്നൂറ്റി ഇരുപത്തി രണ്ട് രൂപ മാത്രം) ലേലത്തിൽ വിറ്റുപോയിട്ടുള്ളതും, ലേലം കൊണ്ടയാൾ MSTC-യുടെ സർവ്വീസ് ചാർജ്ജായ 1,495/-രൂപയടക്കം 42,222/- രൂപ പണമൊടുക്കിയതിന്റെ അടിസ്ഥാനത്തിൽ വാഹനം വിട്ടുനൽകിയിട്ടുള്ളതാണെന്നും,MSTC-യുടെ സർവ്വീസ് ചാർജ്ജായ 1,495/-രൂപ കിഴിച്ച് ബാക്കി 40,727/- രൂപ 0039 00800 99 എന്ന സർക്കാർ ഹെഡിൽ ഒടുക്കിയിട്ടുള്ളതാണെന്നും, ടി KL 59 U 4301 നമ്പർ വാഹനം ഡിസ്പോസൽ ചെയ്യേണ്ടതില്ല എന്ന ബഹു. വടകര NDPS കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ ടി വാഹനം വിട്ടുകിട്ടുന്നതിന് 26.09.2022-ന് വാഹന ഉടമയായ അഭിരാഗ് എന്നയാൾ ബഹു. വടകര NDPS കോടതിയുടെ വിധി പകർപ്പ് സഹിതം അപേക്ഷ സമർപ്പിച്ചിട്ടുള്ളതും, ടി വാഹനം ലേലം ചെയ്ത് വിറ്റ് പോയതിനാൽ ടിയാളുടെ അപേക്ഷ പരിഗണിക്കാൻ നിർവാഹമില്ലായെന്ന് അറിയിച്ചതിനെ തുടർന്ന് ടി വാഹനം ലേലം ചെയ്ത് വിറ്റ വകയിൽ ലഭിച്ച തുക അനുവദിച്ച് കിട്ടുന്നതിന് ടിയാൻ അപേക്ഷിക്കുകയും ചെയ്ത സാഹചര്യത്തിൽ ബഹു. വടകര NDPS സ്പെഷ്യൽ കോടതിയുടെ 14.09.2022 തീയ്യതിയിലെ വിധിന്യായം നടപ്പിലാക്കുന്നതിനായി കണ്ണൂർ ഡിവിഷനിൽ തളിപ്പറമ്പ്

എക്സൈസ് റേഞ്ച് എൻ ഡി പി എസ് ക്രൈം 01/2021 കേസിൽ ഉൾപ്പെട്ട് ലേലം ചെയ്ത KL-59-U-4301 Honda Dio സ്കൂട്ടറിന്റെ ലേലത്തുക തിരികെ വാഹന ഉടമയ്ക്ക് നൽകുന്നതിന് അനുമതി നൽകുന്നതിനായി പരാമർശിത കത്ത് പ്രകാരം എക്സൈസ് കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. വടകര NDPS സ്പെഷ്യൽ കോടതിയുടെ 14.09.2022 തീയ്യതിയിലെ വിധിന്യായം നടപ്പിലാക്കുന്നതിനായി കണ്ണൂർ ഡിവിഷനിൽ തളിപറമ്പ് എക്സൈസ് റേഞ്ച് എൻ ഡി പി എസ് ക്രൈം 01/2021 കേസിൽ ഉൾപ്പെട്ട് ലേലം ചെയ്ത KL-59-U-4301 Honda Dio സ്കൂട്ടറിന്റെ ലേലത്തുക 40,727/-രൂപ (നാല്പത്തിനായിരത്തി എഴുന്നൂറ്റി ഇരുപത്തിയേഴ് രൂപ മാത്രം) പ്രസ്തുത തുക ഒടുക്കിയിട്ടുള്ള 0039-00-800-99 എന്ന ശീർഷകത്തിൽ നിന്നും തന്നെ റീഫണ്ട് അനുവദിച്ചു നൽകുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു. ഇതിനുള്ള ഭരണാനുമതി ഉത്തരവ് സഹിതം ട്രഷറി ആപ്പിക്കേഷനിലെ 'റീഫണ്ട് മാസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനായി പ്രസ്തുത തുക ഒടുക്കൽ സംബന്ധിച്ച വിശദാംശങ്ങൾ ട്രഷറിയിൽ സമർപ്പിക്കണമെന്നും അതോടൊപ്പം BIMS കൈകാര്യം ചെയ്യുന്ന ഒരു അനുയോജ്യ ഡി.ഡി.ഒ. യെ പ്രസ്തുത റീഫണ്ടു നടപടികൾ സ്വീകരിക്കുന്നതിനായി എക്സൈസ് കമ്മീഷണർ ചുമതലപ്പെടുത്തേണ്ടതാണെന്നും ഇതിനാൽ നിഷ്കർഷിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രമോദ് എം വി

അഡിഷണൽ സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ,തിരുവനന്തപുരം.
2.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് -ഇ.ആർ.എസ്.എ ) കേരളം,തിരുവനന്തപുരം.
3.ധനകാര്യ വകുപ്പ് (3281427/EXP-B1/501/2025-FIN DATED 11.03.2026).
4.വെബ് &ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
5.കരുതൽ ഫയൽ /ഓഫീസ് കോപ്പി(TAXES-F3/311/2025-TAXES)

ഉത്തരവിൻ പ്രകാരം

Signed by
Vivil Kumar
സെക്ഷൻ ഓഫീസർ
Date: 17-03-2026 10:54:31